പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3411 19.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവ്

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ.കെ.വി.വിജയദാസ് ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ ശരാശരി 92 കോടി രൂപ പ്രതിമാസം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. മുൻ കാലങ്ങളിൽ കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളും വസ്തുക്കളും പണയപ്പെടുത്തി വായ്പകൾ എടുത്തിരുന്നു. ഇത്തരത്തിൽ കെ.എസ്.ആർ. ടി.സി.യുടെ ഒട്ടുമിക്ക വസ്തുവകകളും പണയത്തിലായി. മാത്രമല്ല ടി വായ്പകളുടെ പ്രതിമാസ പലിശ അടവ് കെ.എസ്.ആർ.ടി.സി.ക്ക് ഭാരിച്ച ബാധ്യത ആയി. കൂടാതെ ദൈനംദിനം വർദ്ധിച്ചുവരുന്ന ശമ്പള-പെൻഷൻ ചെലവ്, ഡീസൽ, സ്പെയർ പാർട്ട്സുകളുടെ വിലവർദ്ധന എന്നിവയും കെ.എസ്.ആർ. ടി.സി.യ്ക്ക് ബാധ്യതയായി. ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ബസ്സ് നിരക്കിൽ വരുത്തേണ്ട വർദ്ധനവ്, പൊതുജനതാല്പര്യാർത്ഥം വരുത്തിയിരുന്നില്ല. ഇപ്രകാരം, വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും, കെ.എസ്.ആർ.ടി. സി.യിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ചെയ്തു. |
| (ബി) | സർക്കാർ സഹായമില്ലാതെ ശമ്പളവും പെൻഷനും നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ | (ബി) | കഴിയുന്നില്ല.<br>കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായി പ്രവർത്തിക്കാൻ വേണ്ട സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. ഷെഡ്യൂളുകൾ, യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീ |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | | കരിച്ചും മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സിയ്ക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ, എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി |

| | | | |
|---|---|---|---|
| | | | ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയതുവഴി കെ.എസ്.ആർ.ടി.സി ബസുകൾ പരസ്യത്തിനു നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടി രൂപയിലേക്കും, കെ.യു.ആർ.ടി.സി ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി ബസുകളിൽ കൊറിയർ / പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000/- രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**